**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 282** **04-08-2021 - ൽ മറുപടിയ്ക്ക്**

**കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ഉൾപ്പെടെ കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | നിലവിൽ പരിഗണനയിലില്ല. |
| (ബി) | ആരോഗ്യ മേഖലയെ ശക്തിപ്പെടുത്താൻ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് ആരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. ഇ -ഹെൽത്ത്, ഇ ഓഫീസ്, ഇ സഞ്ജീവനി തുടങ്ങിയ സേവനങ്ങൾ എല്ലാ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുക .ഓക്സിജനും മറ്റ മെഡിക്കൽ ഗ്യാസുകളും എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഉല്പാദിപ്പിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക. പുതിയ നഴ്സിംഗ് ഡെന്റൽ കോളേജുകൾ സർക്കാർ തലത്തിൽ സ്ഥാപിക്കുക. (കൊല്ലം, മഞ്ചേരി എന്നിവിടങ്ങളിൽ നഴ്സിംഗ് കോളേജുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു) വയനാട് മെഡിക്കൽ കോളേജിനായി ആവശ്യാനുസരണം വേണ്ട സ്ഥലം ഏറ്റെടുക്കുകയും പുതിയ കെട്ടിടങ്ങൾ പണിയുകയും ചെയ്യുക. പുതിയ മെഡിക്കൽ കോളേജുകളായ കൊല്ലം, മഞ്ചേരി, എറണാകുളം എന്നിവിടങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ നിർമ്മിക്കുക. നിലവിൽ ഉള്ള എല്ലാ ആശുപത്രികളിലും ഐസൊലേഷൻ വാർഡ് / ബ്ലോക്ക് നിർമ്മിക്കുക. ഫലപ്രദമായ രീതിയിൽ എല്ലാ ആശുപത്രികളിലും മാലിന്യ സംസ്കരണം ഉറപ്പുവരുത്തുക . എല്ലാ സ്ഥാപനങ്ങളിലും ഊർജ്ജസംരക്ഷണം ഉറപ്പുവരുത്തുകയും, സൗരോർജ്ജ പദ്ധതികൾ നടപ്പാക്കാനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ തീർപ്പാക്കുകയും ചെയ്യും . നിലവിൽ മഴവെള്ള സംഭരണികൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ മഴവെള്ളം സംഭരിക്കുന്നതിനുള്ള നടപടികൾ |

പൂർത്തിയാക്കുക . പുതിയ സാങ്കേതികവിദ്യകളുടെ സഹായത്തോടുകൂടി എല്ലാ ആശുപത്രികളിലും ടെലിമെഡിസിൻ സംവിധാനം കൂടുതൽ ഫലപ്രദമാക്കുക. എല്ലാ കോളേജ് കാമ്പസുകളിലും ഗ്രീൻ കാമ്പസ്, ക്ലീൻ കാമ്പസ്, സൗഹൃദ കാമ്പസ് എന്നീ നയങ്ങൾ നടപ്പിലാക്കുന്നതാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും എമർജൻസി മെഡിസിൻ വിഭാഗവും ട്രോമ കെയർ സംവിധാനവും വിപുലീകരിക്കും. മെഡിക്കൽ വിദ്യാഭ്യസ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജനറൽ ആശുപത്രി ക്യാമ്പസ്സിൽ സ്ഥിതി ചെയ്യുന്ന ബഹുനില കെട്ടിടം ട്രോമ കെയർ ട്രെയിനിങ്ങും, മെഡിക്കൽ റിസർച്ച് ട്രെയിനിങ്ങും മറ്റും നടത്തുന്ന ഒരു സ്ഥാപനമായി ഉയർത്തും.(നിലവിൽ ഇതിനെ അപെക്സ് ട്രോമ ആൻഡ് എമർജൻസി ലേർണിംഗ് സെന്റർ എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്.) എല്ലാ മെഡിക്കൽ കോളേജുകളിലും ജനറ്റിക് ലാബുകൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കും. വൃദ്ധജനങ്ങളുടെ ആരോഗ്യ സുരക്ഷ മുൻനിർത്തി ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നത് പോലെ ഒരു ജെറിയാട്രിക് വിഭാഗം എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കും. കൂടാതെ ഫാമിലി മെഡിസിൻ, സ്പോർട്സ് മെഡിസിൻ തുടങ്ങിയ വിഭാഗങ്ങൾ കൂടി ആരംഭിക്കുന്നതായിരിക്കും. എല്ലാത്തിനുമുപരി ഉയർന്ന നിലവാരമുള്ള മെഡിക്കൽ വിദ്യാഭ്യാസവും, നൂതനമായ ചികിത്സാ രീതികൾ യാഥാർത്ഥ്യമാക്കുന്നതിനും സാധാരണക്കാർക്ക് നിലവിൽ ഉള്ളതിനേക്കാൾ മികച്ചതും സുരക്ഷിതവും സൗജന്യവും ആയ വൈദ്യ പരിചരണ സേവനങ്ങൾ നൽകാനുമായുള്ള എല്ലാ നടപടികളും പൂർത്തീകരിക്കും. ആരോഗ്യമേഖലയിൽ വലിയ മാറ്റം വരുത്തിയ ആർദ്രം മിഷൻ പ്രവർത്തനങ്ങൾ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി തുടരുന്നതാണ്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ മൂന്ന് ഘട്ടങ്ങളിലായി നടന്നുവരുന്നത് പൂർത്തിയാക്കുന്നതാണ്. ജില്ലാതല ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീസൗഹൃദമാക്കി വരുന്ന നടപടികൾ പൂർത്തീകരിക്കുന്നതാണ് . താലൂക്ക് തല ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 152 ബ്ലോക്ക് തല

| | | | |
|---|---|---|---|
| | | | സാമൂഹികാരോഗ്യകേന്ദ്രങ്ങളെ രണ്ട് ഘട്ടങ്ങളിലായി ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. ഇത് തുടരുന്നതാണ്.ജില്ലാ/താലൂക്ക് തല ആശുപത്രികളെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി കിഫ്ബി, നബാർഡ് പ്ലാൻ ഫണ്ട് എന്നിവ വഴി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവ ശക്തിപ്പെടുത്തുന്നതാണ്. ആശുപത്രികളിലേക്ക് ആവശ്യമായ ആധുനിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുന്ന നടപടിയും ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്.കോവിഡിന്റെ കൂടി പശ്ചാത്തലം കണക്കിലെടുത്ത് ജില്ലാ/താലൂക്ക് തല ആശുപത്രികളിലെ ഇന്റെൻസീവ് കെയർ സൗകര്യങ്ങൾ, ഓക്സിജൻ കിടക്കകൾ മറ്റ് ത്രിതീയതല സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരികയാണ്. ഇക്കാര്യങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പതിനഞ്ചാം ധനകാര്യകമ്മിഷന്റെ ഭാഗമായി അഞ്ചുവർഷത്തേക്ക് ആരോഗ്യമേഖലയ്ക്ക് തദ്ദേശസ്വയംഭരണവകുപ്പ് വഴി ലഭ്യമാകുന്ന ഫണ്ടുപയോഗിച്ച് ഗ്രാമീണ/നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ പരിചരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രാരംഭനടപടികളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യരംഗത്തെ രോഗീസൗഹൃദവും ജനസൗഹൃദവും ആക്കുന്നതിനും ജനങ്ങളുടെ ചികിത്സാചെലവുകൾ കുറയ്ക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ ആരോഗ്യരംഗത്ത് തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ